# LOCK DOWN DAYS

*EXPERIENCE SHARING*



# എന്റെ കൃഷി തോട്ടം

ഈ ലോക്ഡൗൺ കാലത്തെ എൻറെ കൃഷി പരിപാലനം.

## INTRODUCTION

പ്രിയ കൂട്ടുകാരെ നമ്മൾ പ്രതീക്ഷിക്കാതെ ആണല്ലോ നമുക്ക് ഈ ഒരു മാസം അവധി കിട്ടിയത്.പക്ഷേ നമ്മൾ വിചാരിച്ച പോലെ ഉള്ള ഒരു അവധിക്കാലം അല്ലായിരുന്നു ഇത് വീട്ടിൽ തന്നെ ഇരിക്കുകയായിരുന്നു,നമുക്ക് പുറത്തോട്ട് ഒന്ന് ഇറങ്ങാനോ ബന്ധുക്കളുടെ വീട്ടിൽ പോകാനോ നോ പറ്റാത്ത ഒരു

അവധിക്കാലം. ലോകം മുഴുവൻ പടർന്നു പിടിച്ച കൊറോണ വൈറസ്ബാധയിൽ നിന്നും രക്ഷപ്പെടാൻ നമ്മുടെ ബഹു: മന്ത്രിമാർ നമുക്ക് അനുവദിച്ചുതന്ന സമയമാണിത് ഇത്. ഈ സമയം നമുക്ക് നമ്മളെ തന്നെ സംരക്ഷിച്ചുകൊണ്ട് പ്രയോജനപ്പെടുത്താം. അതിനായി എന്നെ എൻറെ അമ്മയും ചേട്ടനും സഹായിച്ചു. കൃഷി ചെയ്യാനായിട്ട് പ്രത്യേകിച്ച് സ്ഥലം ഒന്നുമില്ല. വീടിൻറെ മുറ്റത്ത് ചെറിയ രീതിയിലുള്ള

കൃഷി അമ്മ ചെയ്തിട്ടുണ്ട്. ഈ ലോക്ക് ഡൗൺ കാലത്ത് നിലവിലുള്ള കൃഷിക്ക് രാവിലെയും വൈകിട്ടും വെള്ളം ഒഴിക്കുന്നതും, വളം ഇടുന്നതും (ചാണകപ്പൊടി , എല്ലുപൊടി, ചാരം) ഞങ്ങളെ ഏൽപ്പിച്ചു.കൂടാതെ പുതിയ കൃഷി നടാനുള്ള നിലം ഒരുക്കാനും, ചെടി നടാനും പഠിപ്പിച്ചു. എല്ലാത്തിനും എന്നെ അമ്മയും ചേട്ടനും സഹായിച്ചു.

അതിലുപരി എൻറെ ടീച്ചർമാരുടെ പ്രോത്സാഹനവും

ഉണ്ട്.സുരക്ഷിതരായി വീട്ടിലിരുന്ന് നമുക്ക് ഈ മഹാമാരിയെ തുരത്താം.

## കൃഷി എങ്ങനെ നമുക്ക് ഫലപ്രദമായി ചെയ്യാം .

കൃഷി ചെയ്യുന്നതിനും ആദ്യം തന്നെ നമ്മൾ അതിനു വേണ്ട നിലം ഒരുക്കണം.നിലം എങ്ങനെയാണ് ഒരുക്കണ്ടത് എന്ന് വെച്ചാൽ നമ്മൾ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലം നല്ലതായി കിളച്ച് ചാണകപ്പൊടി ചാരം കുമ്മായം എന്നിവ മിക്സ് ചെയ്തു വെള്ളം തളിച്ച് ഒരാഴ്ചക്കാലം ഇടണം. അതിനുശേഷം നമ്മൾ നടാൻ

ഉദ്ദേശിക്കുന്ന തൈകൾ നട്ട് രാവിലെയും വൈകിട്ടും വെള്ളം ഒഴിക്കുക.

# <u>എൻറെ വീട്ടിലെ കൃഷികൾ</u>









# വെള്ളരി.



കായ് ഉണ്ടാകാൻ തുടങ്ങിയിട്ടുണ്ട്. ഇതിന് ഉപയോഗിക്കുന്ന വളം

ചാണകപ്പൊടി, ചാരം, കരിയില, പച്ചില പിന്നെ എന്നും രാവിലെയും വൈകിട്ടും വെള്ളം ഒഴിച്ചു കൊടുക്കും.

# പടവലം








നല്ല ഇനം പടവലം ആണ് . ഒത്തിരി കയ്കളോക്കെ കിട്ടി .ഇതിന്റെ വിത്ത് അയൽക്കൂട്ടം വഴി ആണ് കിട്ടിയത്. ഇത് ഒത്തിരി പടരുന്ന ചെടിയാണ് അതുകൊണ്ട് കയർ ഒക്കെ കെട്ടി കൊടുക്കണം.പിന്നെ ഇതിന് ഉപയോഗിച്ചിരിക്കുന്ന വളം ചാണകപ്പൊടി, ചാരം എന്നിവയാണ്.

പിന്നെ എന്നും വെള്ളം ഒഴിച്ചുകൊടുക്കുന്നുണ്ട്.

# <u>കപ്പ</u>.



കപ്പക്ക് പ്രത്യേകിച്ച് വളം ഒന്നും ഇടുന്നില്ല വീട്ടിലെ ബാക്കിവരുന്ന വേസ്റ്റും പച്ചക്കറി വേസ്റ്റും ഒക്കെയാണ്
ഇട്ടുകൊടുക്കുന്നത്.പിന്നെ
എന്നും വെള്ളം ഒഴിച്ചു കൊടുക്കും.

# ഓമ ചെടി.






ഇത് നഴ്സറിയിൽ നിന്ന് വാങ്ങിയതാണ് . നല്ല ഇനം ഒമയാണ്. റെഡ് ലേഡി എന്ന ഇനം ഓമയാണ് ഇത്. ചാണകപ്പൊടി

ചാരം എന്നിവയൊക്കെ ആണ് വളമായി ഉപയോഗിക്കുന്നത് . പിന്നെ എന്നും വെള്ളം ഒഴിച്ച് കൊടുക്കും.

## <u>വയലറ്റ് കൊല്ല ചെടി</u>





ഇതിന്റെ കൃഷി എന്റെ അമ്മേടെ വീട്ടിൽ ഉണ്ടായിരുന്നു. അവിടുന്ന് അതിന്റെ വിത്ത് കൊണ്ടുവന്നു ഇവിടെ നട്ടതാണ് . നല്ലതയിതന്നെ ഫലം നൽകുന്നുണ്ട്. ഇതിന് ഉപയോഗിച്ച വളം

പച്ചച്ചാണകം ചാണകപ്പൊടി ചാരം എന്നിവയാണ്.പിന്നെ എന്നും വെള്ളം നല്ലയി ഒഴിച്ചുകൊടുക്കും.

# <u>വാഴ</u>






വാഴ രണ്ടു തൈ ഉണ്ട് . ഏത്ത വാഴകളാണ് രണ്ടും.ഇതിന് കടലപ്പിണ്ണാക്ക് ഒഴിച്ചു കൊടുത്താൽ പിണ്ടിക്ക് നല്ല വണ്ണം വയ്ക്കും .

അതുപോലെതന്നെ നല്ല വളം ഒക്കെ കൊടുത്താൽ നമ്മുക്ക് ഒത്തിരി പടലകൾ കിട്ടും. ഈ അറിവ് ഒക്കെ അടുത്തുള്ള ഉള്ള കൃഷിക്കാരുടെ അടുത്ത് ചോദിച്ചു മനസ്സിലാക്കിയതാണ്.

# മുരിങ്ങ.



ഇത് ഇപ്പോൾ നടത്തിയുള്ളൂ . ഇതിന് അവശ്യം കുറച്ച് ഏറെ സ്ഥലം

വേണം കാരണം ഇത് ഒരു മരം ആകുന്നതാണ്. ഇതിനും ചാണകപ്പൊടിയും ചരവും ഒക്കെയാണ് വളമായി ഉപയോഗിക്കുന്നത്.വെള്ളം നല്ലതായി തന്നെ ഒഴിച്ചുകൊടുക്കണം.

# പച്ചമുളക് ചെടി





ചെടി നടാൻ വേണ്ടി ആദ്യം അവിടെ ഒന്ന് നിലം ഒരുക്കി . ഇതിന്റെ തൈ ഇവിടുതന്നെ വളർത്തിയെടുത്തതാണ്.ചാണകപ്പൊടി യും,ചാരവും ഒക്കെയാണ് ഇതിനുള്ള വളം. അത്പോലതന്നെ കിലച്ചിട്ട മണ്ണാണ് കൊല്ലവളരാൻ നല്ലത്.

# കറിവേപ്പ്.



ഇതിന് വളമയിട്ട് ഇട്ടു കൊടുക്കുന്ന്ന്ത്

വീട്ടിൽ ബാക്കി വരുന്ന

പച്ചക്കറി വേസ്റ്റും,ചാണകപ്പൊടി, കഞ്ഞിവെള്ളം. ഒക്കെയാണ് കൊടുക്കുന്നത് . പിന്നെ എല്ലാ ദിവസവും വെള്ളം ഒഴിച്ചുകൊടുക്കണം.

# കോവലും , പയറും.




ഇത് പടരുന്ന ചെടികൾ ആയതുകൊണ്ടുതന്നെ നമുക്ക് കയർ കയർ കെട്ടി കൊടുക്കണം എന്നാൽ മാത്രമേ ധാരാളം ഫലങ്ങൾ ഞങ്ങൾ

ഇതിൽ നിന്ന് കിട്ടത്തുള്ളൂ.ഇതിന് ആവശ്യമായ വളങ്ങൾ നമ്മൾ നൽകണം.ധാരാളം വെള്ളം ഈ ചെടിക്ക് ആവശ്യമാണ്.

# <u>തെങ്ങ്.</u>



ഇതിന്റെ കാര്യം ഒക്കെ അമ്മയാണ് നോക്കുന്നത് ഞാൻ ഇതിന് വെള്ളം മാത്രമേ ഒഴിച്ചു കൊടുക്കാറുള്ളൂ..

# പുതിയ കൃഷികളാണ്



ചീര.



ശീമപയർ.



തണ്ണിമത്തൻ



കൊല്ലചെടി

# Be Safe

# Stay Home .




By

JELVIN MONCY

6 B2

PSVPMHSS

Iravon